പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1727 21/01/2014- ൽ മറുപടിക്ക്

കന്നുകാലികളുടെ ഇൻഷ്വറൻസ് കവറേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി.വിജയദാസ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കുളമ്പുരോഗം വന്നു ചത്ത കന്നുകാലികളുടെ ഇൻഷ്വറൻസ് കവറേജ് പ്രകാരം ലഭിച്ചുവരുന്ന തുക ബന്ധപ്പെട്ട കർഷകന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ | എ) കുളമ്പുരോഗം വന്ന് മരണമടയുന്ന പശുക്കൾക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷയില്ല. |
| ബി) കന്നുകാലികളുടെ ഇൻഷ്വറൻസ് ഇനത്തിൽ വലിയൊരുതുക പ്രീമിയമായി ഇൻഷ്വറൻസ് കമ്പനികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും കുളമ്പുരോഗം പോലുള്ള രോഗങ്ങൾ ബാധിച്ച് കന്നുകാലികൾ ചത്തൊടുങ്ങുമ്പോൾ ആയതിൽ നഷ്ട പരിഹാരം നൽകുന്നതിൽ കമ്പനികൾ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>പ്രതിരോധ കുത്തിവെയ്പ് മൂലം അസുഖം തടയുന്ന ഇനത്തിൽപ്പെട്ട രോഗമായതിനാലാണ് കുളമ്പുരോഗം മൂലം മരണപ്പെടുന്ന കാലികൾക്കുള്ള നഷ്ടപരിഹാരം കർഷകർക്ക് ലഭിക്കാതിരിക്കുന്നത്. ഇതിനുള്ള പരിഹാരം കാണുന്നതിന് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ